**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2514** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; | (എ) | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.<br><br>1.പ്രത്യേക തൊഴിൽദാന പദ്ധതി.<br>2. ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സവബത്തയും.<br>3.വാർത്താവിതരണവും പ്രചരണവും പരിശീലനവും.<br>4.തേനീച്ച വളർത്തൽ വ്യവസായ വികസനം.<br>5.തേനീച്ച വളർത്തൽ ക്ലസ്റ്റർ.<br>6. വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വിക സനവും ശക്തിപ്പെടുത്തലും.<br><br>7. ഖാദി സഹകരണ സംഘങ്ങൾക്ക്/ സ്ഥാപനങ്ങൾക്ക് ധനസഹായം.<br><br>8. വകുപ്പുതല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും.<br><br>9. കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റ് വിപുലീകരണവും ആധുനികവൽക്കരണവും.<br>10. ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം.<br>11. ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെയും സംഭരണശാലകളുടെയും ആധുനികവൽക്കരണം.<br>12. ഖാദി പട്ടുനൂൽ നെയ്ത്ത് പദ്ധതി. |
| (ബി) | ഓരോ പദ്ധതിയുടെയും വിശദവിവരങ്ങൾ നൽകാമോ ? | (ബി) | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**പ്രത്യേക തൊഴിൽ ദാന പദ്ധതി**

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയ്ക്ക് (PMEGP) അനുസൃതമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പുതിയ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധന സഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സംസ്ഥാനത്ത് ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജെക്ട് ചെലവിന്റെ പരമാവധി 40 ശതമാനം വരെ തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണ്. ആയത് ലഭ്യമായാൽ 650 ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകി 2000 തൊഴിലവസരങ്ങൾ ഗ്രാമീണ മേഖലയിൽ സൃഷ്ടിക്കാൻ സാധിക്കും. കൂടാതെ നിലവിലുള്ള 30 ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും 2022-23 ൽ ഈ പദ്ധതി ലക്ഷ്യമിടുന്നു.

**2. ഖാദി നൂൽ നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപ്പാദന പ്രോത്സാഹനവും ഉത്സസവബത്തയും.**

നെയ്ത്തുകാർക്ക് 180 പൈസ നിരക്കിലും നൂൽപ്പുകാർക്ക് 60 പൈസ നിരക്കിലും ഉത്പാദന പ്രോത്സാഹനം നൽകലും, ഉൽസവ കാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉൽസവകാല ബത്ത നൽകുന്നതിനും ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നു. കേരളത്തിലെ ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പണിയെടുക്കുന്ന 13600 ഓളം ഖാദി തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

**വാർത്താവിതരണവും പ്രചരണവും പരിശീലനവും**

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതു ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് വ്യാപകമായ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ നടത്തുന്നതിനും ദൃശ്യ-ശ്രാവ്യ, അച്ചടി മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണം, ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് സ്കൂൾ-കോളേജ് തലത്തിൽ ക്വിസ്സ് മൽസരം, ബോർഡിനു കീഴിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും കഴിവ് വർദ്ധിപ്പിക്കലും ഖാദി ഗ്രാമ വ്യവസായ മേഖലയിലെ ഉത്പാദന കേന്ദ്രങ്ങളിലെ തൊഴിലാളികൾക്ക് വാർപ്പിംഗ്, സ്പിന്നിംഗ്, വീവിംഗ്, പ്രിന്റിംഗ്, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ എന്നിവയിലുള്ള പരിശീലനം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

**തേനീച്ച വളർത്തൽ വ്യവസായ വികസനം**

തേനിന്റെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കേരള ഖാദി ഗ്രാമ വ്യവസായബോർഡിനു കീഴിലുള്ള പ്രോജക്ടുകളിൽ തേനീച്ച കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് (600 പേർക്ക്), തേനീച്ചയോടുകൂടിയ മേൽത്തരം തേനീച്ചപ്പെട്ടികൾ നിർമ്മിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

**തേനീച്ച വളർത്തൽ ക്ലസ്റ്റർ**

ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ തേനീച്ച വളർത്തൽ ക്ലസ്റ്റർ പദ്ധതിയുടെ ഭാഗമായി കമ്മീഷന്റെ ധനസഹായത്തോടുകൂടി 500 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ വികസനവും ശക്തിപ്പെടുത്തലും.**

വകുപ്പു തല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകളുടെ നവീകരണം, എറണാകുളം കിഴക്കമ്പലത്ത് പുതിയ സ്റ്റാർച്ച് യൂണിറ്റ്, പുതിയ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്, മുതലായവ കൂടാതെ മൂല്യ വർദ്ധന പ്രവർത്തനങ്ങളും, ട്രെയിനിംഗും ബോധവൽക്കരണവും 2022-23 ൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഖാദി സഹകരണ സംഘങ്ങൾക്ക്/ സ്ഥാപനങ്ങൾക്ക് ധനസഹായം.**

ഖാദി മേഖലയിലെ സഹകരണ സംഘങ്ങളുടെയും മറ്റ് ഖാദി സ്ഥാപനങ്ങളുടെയും പുനരുജ്ജീവനമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഖാദി സഹകരണ സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും നവീകരണം, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ സാങ്കേതിക വിദ്യ നവീകരിക്കൽ പ്രീ ലൂം പ്രോസസിംഗ്, സ്പിന്നിംഗ്, വീവിംഗ്, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ, സ്ത്രീ സൗഹാർദ്ദ തൊഴിലിടങ്ങൾ, മസ്‌ളിൻ, സിൽക്ക് എന്നിവയുടെ ഉത്പാദനം മെച്ചപ്പെടുത്തൽ, എന്നിവയ്ക്കാണ് ഈ പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 2022-23 ൽ ഈ പദ്ധതിക്കു കീഴിൽ 200 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു ലക്ഷ്യമിടുന്നു.

**വകുപ്പുതല ഖാദി ഉൽപാദന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും**

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസ്ഥ നൽകുന്നതിന് ഖാദി ഉല്പാദന കേന്ദ്രങ്ങളിൽ പുതിയ വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കലും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കലും, സ്പെയർ പാർട്സ് വാങ്ങലും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

**കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ പരുത്തി സംസ്കരണ യൂണിറ്റ് വിപുലീകരണവും ആധുനികവൽക്കരണവും**

കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള പരുത്തി സംസ്കരണ യൂണിറ്റ് ഉൽപ്പാദിപ്പിക്കുന്ന സ്ലൈവർ വകുപ്പുതല ഉൽപ്പാദന കേന്ദ്രങ്ങൾക്ക് ഇടതടവില്ലാതെ വിതരണം ചെയ്താൽ മാത്രമേ ഖാദി ഉല്പാദനം കാര്യക്ഷമമായി നടത്താൻ കഴിയുകയുള്ളൂ. അതിനായി പരുത്തി സംസ്കരണ യൂണിറ്റ് വികസിപ്പിച്ച സ്ലൈവർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, വകുപ്പുതല ഉല്പാദന കേന്ദ്രങ്ങൾക്കും മറ്റ് ഖാദി സ്ഥാപനങ്ങൾക്കും ആവശ്യമായ ഗുണമേന്മയുള്ള സ്ലൈവർ താങ്ങാവുന്ന വിലയ്ക്ക് നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പരുത്തി സംസ്കരണ യൂണിറ്റിലേക്കാവശ്യമായ ഹ്യുമിഡിഫിക്കേഷൻ പ്ളാന്റും അതിലേക്കാവശ്യമായ കെട്ടിടവും, കോംബർ, ലാപ് ഫോർമർ യന്ത്ര സാമഗ്രികളും കോട്ടൺ വേസ്റ്റ് ഗോഡൗണും ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

**ഖാദി ബോർഡ് ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം**

ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണ

പ്രക്രിയ നടത്തിവരുന്നു. ഖാദി ബോർഡിനും ജില്ലാ ഓഫീസുകൾക്കും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം മാർക്കറ്റിംഗ് സോഫ്റ്റ് വെയർ തയ്യാറാക്കൽ, ഇ-ഓഫീസ്, ഇ--ട്രാക്കിംഗ് സംവിധാനം, വിവരങ്ങൾ ഡിജിറ്റലൈസേഷൻ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

**ഖാദി ബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെയും സംഭരണശാലകളുടെയും ആധുനികവൽക്കരണം**

ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുക, നിലവിലുള്ള വിൽപന ശാലകളുടെയും ഖാദി ഗ്രാമസൗഭാഗ്യയുടെയും സംഭരണ ശാലകളുടെയും നവീകരണവും ആധുനികവൽകരണവും, കൂടാതെ ബോർഡിനു കീഴിലുള്ള എറണാകുളം കലൂർ ഖാദി ടവർ /പ്ളാസ എന്നിവയുടെ നവീകരണവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**ഖാദി പട്ടുനൂൽ നെയ്ത്ത് പദ്ധതി**

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനു കീഴിൽ ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, പൂഴിക്കുന്ന്, കണ്ണൂർ ജില്ലയിലെ കണ്ടോത്ത്, പാപ്പിനിശ്ശേരി പാലക്കാട് ജില്ലയിലെ ചിതലി, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിലുള്ള നെയ്ത്ത് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനും സിൽക്ക് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും 100 തറികളിൽ സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, സാങ്കേതിക നവീകരണം കൂടാതെ, പട്ടുല്പന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവ 2022-23 ൽ ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു.